# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/180/2017 | <u>പത്രക്കുറിപ്പ്</u> | 2017 ആഗസ്റ്റ് 26

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെയും സ്റ്റാസിലെയും നാലാം സെമസ്റ്റർ എം. സി. എ (2015 അഡ്മിഷൻ റഗുലർ/2011 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി/ലാറ്ററൽ എൻട്രി-2016 അഡ്മിഷൻ റഗുലർ, 2013 – 2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 27 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 8 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 13 വരെയും സ്വീകരിക്കും.

**പ്രോജക്റ്റ് ഇവാല്യുവേഷൻ, വൈവാവോസി**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. അപ്ലൈഡ് മൈക്രോബയോളജി (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷയുടെ പ്രോജക്റ്റ് ഇവാല്യുവേഷൻ, വൈവാവോസി എന്നിവ ആഗസ്റ്റ് 30, 31 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. സൈക്കോളജി ( സി. എസ്. എസ് -റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ആലുവ യൂ. സി കോളേജിലെ നിഖിത ആനീ ബൈജു, ക്രസ്റ്റീന മറിയം ചാക്കോ, ഷാഹിന. എച്ച് എന്നിവർ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 11 വരെ സ്വീകരിക്കും.

**ബി. ടെക് സൂക്ഷ്മ പരിശോധന**

2017 മെയ് മാസത്തിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി. ടെക് പരീക്ഷയുടെ എൻവയൺമെന്റൽ എഞ്ചിനിയറിംഗ് എന്ന വിഷയത്തിന്റെ സൂക്ഷ്മപരിശോധനയക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഉത്തരക്കടലാസ് തിരിച്ചറിയുന്നതിനായി ആഗസ്റ്റ് 30 ന് വൈകിട്ട് 4 മണിക്ക് മുമ്പായി സർവ്വകലാശാലാ പരീക്ഷാഭവനിൽ ഹാജരാകണം.

**സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന എസ്. എം. ഇ, സ്റ്റാസ്, യൂ. സി. റ്റി. ഇ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗ് തൊടുപുഴ, സ്കൂൾ ഓഫ് അപ്ലൈഡ് സയൻസ് ചുട്ടിപ്പാറ, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി സയൻസ്, എം. ജി. സർവ്വകലാശാലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആന്റ് കോമേഴ്സ് പത്തനംതിട്ട, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം എന്നീ സ്വാശ്രയ സ്ഥാപനങ്ങൾ സെൻർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സൊസൈറ്റിക്ക് കൈമാറിയിട്ടുള്ളതിനാൽ ഈ സ്ഥാപനങ്ങളിലെ 2017-18 അദ്ധ്യായനവർഷത്തിലെ പ്രവേശന നടപടികൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയുമായി ബന്ധമു ായിരിക്കുകയില്ല.

**എം. ജി ജൈവ സാക്ഷരതാ യജ്ഞം : മുന്നൊരുക്കങ്ങൾ പൂർത്തിയാകുന്നു.**

മഹാത്മാഗാന്ധി സർവ്വകലാശാല നടപ്പിലാക്കുന്ന ജൈവസാക്ഷരതാ പദ്ധതിയുടെ മുന്നാരുക്കങ്ങൾ പൂർത്തിയായി. ആഗസ്റ്റ് 29 ന് മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്ന ചടങ്ങിനായി സർവ്വകലാശാലാ സ്പോർട്സ് ഗ്രൗ ിൽ 36,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ തയ്യാറാക്കുന്ന പന്തലിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പദ്ധതിയിൽ പതിനായിരത്തോളം നാഷണൽ സർവ്വീസ് സ്കീം വോള ിയർമാർക്കായി പ്രത്യേകം തയ്യാറാക്കിയ യൂണിഫോം വിതരണവും ഇന്നു സർവ്വകലാശാലയിൽ പൂർത്തിയായി. ജൈവകൃഷി ബോധവൽക്കരണത്തിനായി പരിശീലനം ലഭിച്ച ഈ എൻ. എസ്. എസ് വോള ിയർമാർ ഓണാവധിക്കാലത്ത് കോട്ടയം ജില്ലയിലെ നാലരലക്ഷത്തിലധികം വരുന്ന ഭവനങ്ങളിൽ നേരിട്ടെത്തി സമഗ്രകൃഷിബോധന കൈപ്പുസ്തകം കൈമാറുകയും, വിവരശേഖരണം നടത്തുകയും ചെയ്യും. വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിക്കുന്ന ഉദ്ഘാടനചടങ്ങിൽ വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, ജോസ്. കെ. മാണി എം.പി, എം. എൽ. എ മാരായ സുരേഷ്കുറുപ്പ്, രാജു എബ്രഹാം, രജിസ്ട്രാർ എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. കെ. ഹരികുമാർ, പ്രൊഫ.

ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, പ്രൊഫ. എം. എസ്. ലത, നാഷണൽ സർവ്വീസ് സ്കീം റീജിയണൽ ഡയറക്ടർ ജി. പി. സജിത് ബാബു എന്നിവർ സംസാരിക്കും.

**അടിക്കുറിപ്പ്**

ജൈവം 2017 ന്റെ ഉദ്ഘാടന ചടങ്ങിനായി മഹാത്മാഗാന്ധി സർവ്വകലാശാല സ്പോട്സ് ഗ്രൗ ിൽ തയ്യാറാക്കുന്ന പന്തൽ

ജൈവം 2017 പദ്ധതിയിൽ പങ്കാളികളാകുന്ന നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ സർവ്വകലാശാലയിൽ നിന്നും വിതരണം ചെയ്ത യൂണിഫോമുമായി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**